പയ്യന്നൂർ നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ

307 (1341) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് പയ്യന്നൂർ നിയോജകമണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് പ്രവൃത്തി, ഇനം എന്നിവ സഹിതം വിശദമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ അവസ്ഥ വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം, പൊതുമരാമത്ത് വകുപ്പ്, പയ്യന്നൂർ നിയോജക മണ്ഡലത്തിൽ ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തി, ഇനം, പ്രവൃത്തികളുടെ അവസ്ഥ എന്നിവ നിരത്തുവിഭാഗം, ദേശീയപാത വിഭാഗം, കെട്ടിട വിഭാഗം എന്നിവ തിരിച്ച് അനുബന്ധം I ഉം 2 ഉം 3 ഉം ആയി ചേർക്കുന്നു.*

കോൺവെന്റ് ബീച്ച് പാലത്തിന്റെ നിർമ്മാണത്തിലെ കാലതാമസം

308 (1342) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോൺവെന്റ് ബീച്ച് പാലത്തിന്റെ സാങ്കേതികാനുമതിക്കുള്ള കാലതാമസം ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ ;

(ബി) നിർമ്മാണ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ ;

(സി) ഈ പ്രവൃത്തി നടപ്പാക്കുന്നതിൽ തടസ്സങ്ങളുണ്ടെങ്കിൽ ആയത് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) കോൺവെന്റ് ബീച്ച് പാലം കോസ്റ്റൽ റെഗുലേറ്ററി സോണിൽ വരുന്നതിനാൽ കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയിൽനിന്നും ക്ലിയറൻസ് ലഭിക്കേണ്ടതുണ്ട്. ആയത് ലഭിച്ചാൽ മാത്രമേ എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ സാധിക്കുകയുള്ളൂ. ക്ലിയറൻസ് വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ സെൻട്രൽ സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly